LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി ക്ഷേമനിധി

112 (1548) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷന് അപേക്ഷിച്ചിട്ടുള്ളവർ എത്ര ; എത്രപേർക്ക് പെൻഷൻ നൽകി വരുന്നുണ്ട് ; എത്ര അപേക്ഷകളിന്മേൽ ഇനിയും നടപടി സ്വീകരിക്കാനുണ്ട് ;

(ബി) പെൻഷൻ തുക എത്രയാണ് ; ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; ഏത് തീയതി മുതലുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ട് ?

ഉത്തരം

(എ) 2014 ഒക്ടോബർ മാസംവരെ പെൻഷന് അർഹരായി അപേക്ഷിച്ച 124 പേർക്കും കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽനിന്നും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്ക് പ്രതിമാസം 1,000 രൂപയും മുൻ പ്രവാസി കേരളീയൻ (വിദേശം) അംഗങ്ങൾക്കും പ്രവാസി കേരളീയൻ (ഭാരതം) അംഗങ്ങൾക്കും കല്പിത അംഗങ്ങൾക്കും പ്രതിമാസം 500 രൂപയുമാണ് മിനിമം പെൻഷൻ. പെൻഷൻ കുടിശ്ശികയായിട്ടില്ല. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

പ്രവാസി കേരളീയരുടെ എണ്ണം

113 (1549) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി കേരളീയരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) കേരളീയരിൽ എത്ര പേരാണ് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതെന്നും, ഇവർ ഏതൊക്കെ രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ ;

(സി) വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?